5. സാങ്കേതിക പരിജ്ഞാനം

6. വൈദ്യുതി ഉല്പാദന മേഖലയിലുള്ള മുൻപരിചയം

7. പദ്ധതി സ്വന്തമായി കമ്മീഷൻ ചെയ്തശേഷം ഉല്പാദനം നടത്തി പദ്ധതി ബോർഡിന് കൈമാറുന്ന കാലയളവ്.

8. മിച്ചമുള്ള വൈദ്യുതി ബോർഡിന് വിൽക്കാനുദ്ദേശിക്കുന്ന നിരക്ക്.

9. പദ്ധതി നിർമ്മാണം പൂർത്തിയാക്കുന്നതിന് കമ്പനി ആവശ്യപ്പെടുന്ന കാലയളവ്.

10. ഈ പദ്ധതിയിൽനിന്ന് സ്വന്തമായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ്.

(സി) ഇല്ല.

(ഡി) ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഒ.എൻ.ജി.സി. എന്നീ എണ്ണ കമ്പനികളുടെ സംയുക്ത സംരംഭമായ "പെട്രോനെറ്റ് എൽ.എൻ.ജി." കൊച്ചിയിൽ ഒരു പ്രകൃതി വാതക ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് പെട്രോനെറ്റ് എൽ.എൻ.ജി. സംസ്ഥാന സർക്കാരിനെ സമീപിച്ചിരുന്നു.

(ഇ) ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ്, ഡി.സി. പവർ ലിമിറ്റഡ്, കണ്ണൂർ പവർ പ്രോജക്ട് ലിമിറ്റഡ് എന്നീ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കണ്ണൂർ പവർ പ്രോജക്ടിന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സാമ്പത്തിക സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല.

(എഫ്) നടത്തിയിട്ടുണ്ട്. ആഗോള വിപണിയിലെ വില വച്ചുനോക്കുമ്പോൾ നാഫ്ത ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയേക്കാൾ കുറവായിരിക്കും പ്രകൃതി വാതകം ഉപയോഗിച്ചുള്ള വൈദ്യുതിയുടെ വില.

106 (3289) വൈദ്യുതി നിരക്ക് പരിഷ്കാരം

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ കറന്റ് ചാർജ്ജിന്റെ അടിസ്ഥാനത്തിൽ ഗാർഹിക വിഭാഗത്തിൽ പ്രതിമാസം 30 യൂണിറ്റു മുതൽ 1000 യൂണിറ്റു വരെ ഉപയോഗിക്കുന്നവർക്ക് 30 യൂണിറ്റിനു മുകളിൽ ഓരോ യൂണിറ്റ് വൈദ്യുതിക്കും ഈടാക്കേണ്ട നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ; 1999 മേയ് 15 വരെ ഈ വിഭാഗത്തിൽ ഓരോ യൂണിറ്റിനും (30 യൂണിറ്റിനു മുകളിൽ 1000 യൂണിറ്റു വരെ) ഈടാക്കിക്കൊണ്ടിരിക്കുന്ന നിരക്ക് വ്യക്തമാക്കുമോ;

(ബി) 14.5.1999-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം എൽ.ടി. (1) വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 8 സ്ലാബുകളിൽ ഓരോന്നിലും എത്ര കൺസ്യൂമർമാരുണ്ട്.; ഈ ഓരോ വിഭാഗവും പ്രതിവർഷം ഉപയോഗിക്കുന്ന കറന്റിന്റെ അളവെത്ര;

(സി) കെ.എസ്.ഇ.ബി. കൺസ്യൂമർമാരുടെ കാറ്റഗറി തിരിച്ച് (ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ) എന്തെങ്കിലും കണക്കുകൾ സൂക്ഷിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എൽ.റ്റി. 7(എ) 7(ബി) വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ഇ) മുമ്പ് ഈ വിഭാഗത്തിൽപ്പെട്ടവരുടെ കണക്ടഡ് ലോഡിന്റെ പരിധി എത്രയായിരുന്നു; ഇപ്പോഴെത്ര; ഈ മാറ്റത്തിന് കാരണം എന്ത്; ഈ മാറ്റം എത്ര കൺസ്യൂമറൻമാരെ ബാധിക്കും; ഇതുവഴി ബോർഡിന് പ്രതിവർഷമുണ്ടാകുന്ന അധികവരുമാനം എത്ര;

(എഫ്) വൈദ്യുതി നിരക്ക് പരിഷ്കരിക്കാൻ കെ.എസ്.ഇ.ബി. ഏറ്റവും ഒടുവിൽ സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ)

പ്രതിമാസം ഉപഭോഗം യൂണിറ്റ്	നിരക്ക് യൂണിറ്റൊന്നിന് പുതുക്കിയത് (പൈസ)	പഴയത് (പൈസ)
40 യൂണിറ്റ് വരെ	70	65
41 മുതൽ 80 വരെ	110	90
81 മുതൽ 120 വരെ	130	100
121 മുതൽ 150 വരെ	160	120
151 മുതൽ 200 വരെ	210	150
201 മുതൽ 300 വരെ	265	200
301 മുതൽ 500 വരെ	345	260
501 നു മുകളിൽ	355 (301 നു മുകളിൽ)	

(ബി)

സ്ലാബ് നമ്പർ	ഉപഭോക്താക്കളുടെ എണ്ണം	പ്രതിവർഷ ഉപഭോഗം (ദശലക്ഷം യൂണിറ്റ്)
I	12,67,033	1154
II	10,38,552	1428
III	8,12,738	1375
IV	4,25,189	1044
V	3,52,594	275
VI	2,10,075	165
VII	91,000	35
VIII	36,496	20

(സി) കെ.എസ്.ഇ.ബി. കൺസ്യൂമർമാരുടെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് കണക്കുകൾ സൂക്ഷിക്കാറില്ല.

(ഡി) എൽ.ടി. 7 (എ) യിൽപ്പെടുന്നവ :-

ഡിസ്പ്ലേ ലൈറ്റുകൾ, സിനിമ സ്റ്റുഡിയോ, 1000 വാട്ട്സിൽ കൂടുതൽ കണക്ടഡ് ലോഡുള്ള കടകളും ഷോപ്പുകളും, 2000 വാട്ട്സിൽ കൂടുതൽ കണക്ടഡ് ലോഡുള്ള ഹോട്ടലുകളും റസ്റ്റോറന്റുകളും, എല്ലാ വാണിജ്യസ്ഥാപനങ്ങൾ, സ്വകാര്യ ഹോസ്റ്റലുകൾ ലോഡ്ജുകൾ, ഗസ്റ്റ്/റസ്റ്റ് ഹൗസുകൾ, വാണിജ്യാവശ്യത്തിനുള്ള കോൾഡു സ്റ്റോറേജുകൾ, ഉല്പാദനം നടത്താത്ത കച്ചവടംമാത്രം നടത്തുനന ബേക്കറികൾ വാഹന സർവ്വീസ് സ്റ്റേഷനുകൾ, പെട്രോൾ/ഡീസൽ ബങ്കുകൾ എല്ലാത്തരം കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ഇവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എൽ.ടി. 7(ബി)യിൽപ്പെടുന്നവ:-

1000 വാട്ട്സിൽ കവിയാത്ത കണക്ടഡ് ലോഡുള്ള കടകൾ, ബങ്കുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഇവയാണ്.

(ഇ) എൽ.ടി.7(എ) വിഭാഗത്തിനുള്ളവരുടെ കണക്ടഡ് ലോഡിന് മാറ്റമൊന്നും വരുത്തിയിട്ടില്ല. എൽ.ടി.7(ബി) വിഭാഗത്തിന് 15.5.99-ൽ താരിഫ് പരിഷ്കരിച്ചപ്പോൾ കണക്ടഡ് ലോഡിന്റെ പരിധി 500 വാട്ട്സ് ആയി കുറച്ചിരുന്നു. ഇതുമൂലം പല ചെറുകിട വ്യാപാരികൾക്കും ബുദ്ധിമുട്ടുണ്ടായി എന്നു പരാതി ലഭിക്കുകയും തുടർന്ന് കണക്ടഡ് ലോഡിന്റെ പരിധി വീണ്ടും 1000 വാട്ട്സ് ആയി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിന് 15.5.99 മുതൽ പ്രാബല്യമുണ്ട്.. ഇതുവഴി ബോർഡിന് അധിക വരുമാനം ലഭിക്കുന്നില്ല.

(എഫ്) ഒടുവിൽ സമർപ്പിച്ച നിർദ്ദേശങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എൽ.ടി. വിഭാഗം

ഗാർഹികം	- 8%	- 35% വരെ
ഗാർഹികേതരം	- 40%	
വാണിജ്യം	- 35%	
കാർഷികം	- വർദ്ധനവില്ല.	
വ്യവസായം	- 35%	

എച്ച്.ടി. വിഭാഗം

വ്യവസായം	- 35%
പബ്ലിക് ഓഫീസുകൾ	- 40%
വാണിജ്യം	- 42%
കാർഷികം	- 25%
ഇ.എച്ച്.ടി. വിഭാഗം	- 35%

കൂടാതെ ചെറിയ കടകൾ, ബങ്കുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് എൽ.ടി. 7 (ബി) താരിഫിൽ ഉൾപ്പെടുത്താനുള്ള കണക്ടഡ് ലോഡിന്റെ പരിധി 500 വാട്ട്സിൽ നിന്നും 1000 വാട്ട്സായി പുതുക്കി നിശ്ചയിച്ചു. 100 യൂണിറ്റിനു മുകളിൽ ഉപഭോഗമുള്ള പ്രസ്തുത ഉപഭോക്താക്കളുടെ നിരക്ക് യൂണിറ്റൊന്നിന് 465 പൈസയിൽ നിന്നും 430 പൈസയായി കുറവു ചെയ്യുകയും ചെയ്തു.

107 (3290) വിവിധ വൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണം

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, ചെങ്കുളം പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുംവേണ്ടി എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി കെ.എസ്.ഇ.ബി. ഒപ്പിട്ട കരാറിന്റെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ; ഇതുമായി ബന്ധപ്പെട്ട 1999 ജൂൺ 10 വരെ കെ.എസ്.ഇ.ബി. ഇറക്കിയ ഉത്തരവുകൾ ലഭ്യമാക്കുമോ; ഈ കരാർ ഇടപാടിൽ മൊത്തം ചെലവാകുന്ന തുകയും, ഇനം തിരിച്ചുള്ള തുകയും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly